# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *128

22/03/2013 - ലെ മറുപടിയ്ക്ക്

## തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.പാലോട് രവി | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ജനപങ്കാളിത്തത്തോടെ തരിശു ഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | നടപ്പു സാമ്പത്തിക വർഷത്തിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം തരിശുഭൂമി കൃഷി യോഗ്യമാക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. നെല്ല്, പച്ചക്കറികൾ, വാഴ, കിഴങ്ങുവിളകൾ എന്നിവയാണ് തരിശ് ഭൂമി കൃഷി ചെയ്യുന്ന പദ്ധതി പ്രകാരം കൃഷി ചെയ്യുന്നത്. നെൽകൃഷിക്കായി കുട്ടനാട് പാക്കേജ് പ്രകാരവും തരിശു നിലകൃഷി നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതിക്കായി നടപ്പു വർഷം 1823 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പൂർണ്ണമായ ജനപങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കുടുംബശ്രീ, ജനശ്രീ, കർഷകർ, കർഷക ക്ലബുകൾ, വനിതാ ഗ്രൂപ്പുകൾ, സ്വയംസഹായ സംഘങ്ങൾ, കർഷക തൊഴിലാളി സംഘങ്ങൾ എന്നീ സംഘടനകളുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ടി പദ്ധതി പ്രകാരം കർഷകന് / ഗ്രൂപ്പിനും ഉടമസ്ഥനും സഹായധനം നൽകുന്നു. |
| (ബി) ഈ പദ്ധതിയിൽ ഏതെല്ലാം കാർഷിക വിളകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നെല്ല്, വാഴ, പച്ചക്കറികൾ, കിഴങ്ങുവിളകൾ എന്നിവയ്ക്കാണ് സഹായധനം നൽകുന്നത്. വാഴയ്ക്ക് ഹെക്ടറിന് 35000 രൂപയും നെല്ലിന് 30000 രൂപയും, പച്ചക്കറികൾ കിഴങ്ങുവിളകൾ എന്നിവയ്ക്ക് 25000 രൂപയുമാണ് സഹായധനം നൽകുന്നത്. അതിൽ 5000 രൂപ ഉടമസ്ഥനും (കരാറിന്റെ അടിസ്ഥാനത്തിൽ) ബാക്കി തുക കർഷകന് / കർഷക ഗ്രൂപ്പിനുമായിരിക്കും. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി പ്രകാരം എത്ര സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (സി) | ഈ പദ്ധതി പ്രകാരം 1553 ഹെക്ടർ സ്ഥലത്ത് നെല്ല്, 955 ഹെക്ടറിൽ വാഴ, 685 ഹെക്ടറിൽ പച്ചക്കറി, 320 ഹെക്ടറിൽ കിഴങ്ങുവിളകൾ അടക്കം ആകെ 3513 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട്. പദ്ധതി തുടർന്നും നടപ്പാക്കി വരികയാണ്. |
| (ഡി) | ഏതെല്ലാം സംഘടനകളുടെ സേവനമാണ് ഈ പദ്ധതിക്ക് വേണ്ടി പ്രയോജനപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) | തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതി ജനപങ്കാളിത്തത്തോടു കൂടി മാത്രമേ കാര്യക്ഷമമായി നടപ്പാക്കുവാൻ സാധിക്കുകയുള്ളൂ. കുടുംബശ്രീ യൂണിറ്റുകൾ, ജനശ്രീ, സ്വാശ്രയസംഘങ്ങൾ, കർഷക ക്ലബുകൾ, വനിതാ ഗ്രൂപ്പുകൾ, കർഷകത്തൊഴിലാളി സംഘങ്ങൾ, പാടശേഖര സമിതികൾ എന്നീ സംഘടനകൾ വഴി ത്രിതല പഞ്ചായത്ത് ഭരണ സമിതി, പഞ്ചായത്തുതല കാർഷിക വികസന സമിതി എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ